# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 5282

## 01-07-2019 ൽ മറുപടിക്ക്

## കിഫ്ബി മസാല ബോണ്ടുകൾക്ക് ഫെമ നിയമപ്രകാരമുള്ള അംഗീകാരം

| ചോദ്യം<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് കിഫ്ബി പുറത്തിറക്കിയ മസാല ബോണ്ടുകൾക്ക് ആർ.ബി.ഐ. യിൽ നിന്നും ഫെമ നിയമപ്രകാരമുള്ള അംഗീകാരം മാത്രം ലഭ്യമാക്കിയാൽ മതിയോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | കിഫ്ബി പുറത്തിറക്കിയ മസാല ബോണ്ടുകൾക്ക് നിലവിലെ വ്യവസ്ഥകൾ പ്രകാരം ആർ.ബി.ഐയിൽ നിന്ന് ഫെമ നിയമപ്രകാരമുള്ള അനുമതി മാത്രമേ ആവശ്യമായിട്ടുള്ളൂ. |
| (ബി) ആക്സിസ് ബാങ്ക് എന്ന സ്ഥാപനം മുഖേനയാണ് കിഫ്ബി ബോണ്ടുകൾക്ക് ഫെമ നിയമപ്രകാരമുള്ള അംഗീകാരം ലഭ്യമാക്കിയിരിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | നിലവിലെ ഫെമ ചട്ടപ്രകാരം റിസർവ് ബാങ്ക് അംഗീകാരമുള്ള ഡീലർ ബാങ്ക് മുഖേന മാത്രമേ മസാല ബോണ്ടിന്റെ അപേക്ഷ റിസർവ് ബാങ്കിൽ സമർപ്പിക്കുവാൻ കഴിയൂ. അതിനാൽ കിഫ്ബിയുടെ മസാലബോണ്ടിന്റെ അറേഞ്ചറായി തിരഞ്ഞെടുക്കപ്പെട്ട ആക്സിസ് ബാങ്കിലൂടെയാണ് കിഫ്ബിയുടെ മസാല ബോണ്ടിന് റിസർവ് ബാങ്ക് അനുമതി ലഭ്യമാക്കിയത്. |
| (സി) സംസ്ഥാന സർക്കാർ ഗ്യാരണ്ടി നൽകി ലഭ്യമാക്കുന്ന വിദേശ വായ്പകൾക്ക് ഒരു സ്വകാര്യ ബാങ്ക് വഴി ആർ.ബി.ഐ. അംഗീകാരം ലഭ്യമാക്കുന്നതിന്റെ നിയമസാധുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | |
| (ഡി) പ്രസ്തുത ബോണ്ടുകൾക്ക് സംസ്ഥാന സർക്കാർ ഗ്യാരണ്ടി നൽകുന്നതിന് മുൻപ് ആർ.ബി.ഐ. യിൽ നിന്നോ കേന്ദ്ര സർക്കാരിൽ നിന്നോ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ടോ; | സംസ്ഥാന സർക്കാരുകൾ നൽകുന്ന ഗ്യാരന്റികൾക്ക് കേന്ദ്ര സർക്കാരിന്റെയോ റിസർവ് ബാങ്കിന്റെയോ പ്രത്യേക അനുമതി ലഭ്യമാക്കേണ്ടതില്ല. ഗ്യാരന്റീസ് ആക്ടിന്റെ പരിധിക്കുള്ളിൽ നിന്ന് സംസ്ഥാന സർക്കാരുകൾക്ക് തന്നെ ഗ്യാരന്റി നൽകാവുന്നതാണ്. |

| | |
|---|---|
| (ഇ) ഇന്ത്യൻ ഭരണഘടനയുടെ 293 അനുഛേദം പ്രകാരം ഒരു സംസ്ഥാനത്തിന് അതിന്റെ സഞ്ചിതനിധി ഗ്യാരന്റിയായി ലഭ്യമാക്കുന്ന വിദേശവായ്പകളിൽ കേന്ദ്ര സർക്കാരിന്റെ കൗണ്ടർ ഗ്യാരന്റി ലഭ്യമാക്കേണ്ടതുണ്ടോ; കിഫ്ബി ഇത് ലഭ്യമാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ? | കിഫ്ബിയുടെ മസാല ബോണ്ടുകൾക്ക് സർക്കാർ നൽകുന്ന ഗ്യാരന്റി സഞ്ചിത നിധിയുടെ മേൽ ഏതെങ്കിലും തരത്തിലുള്ള അധികാരം നിക്ഷേപകർക്ക് നൽകുന്നില്ല. കിഫ്ബിയുടെ വായ്പകൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ഗ്യാരന്റികൾക്ക് കേന്ദ്ര സർക്കാരിന്റെ കൗണ്ടർ ഗ്യാരന്റി ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ